കേരള സർക്കാർ

# ആരക്കുഴ ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.8)2025/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:30/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
ആരക്കുഴ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : ആരക്കുഴ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായിപ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇകെഎം(പി.8)2025/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:30/11/2017

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ

2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 8 ഓഡിറ്റ് എൻക്വയറികൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്. വിജയകുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 19.10.2017 മുതൽ 27.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| റസിയാബീവി ജെ. | ഓഡിറ്റ് ഓഫീസർ |
| റഷീദ് സി.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| അനീഷ് ആർ. | ഓഡിറ്റർ |

(എ) നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വള്ളമറ്റം കുഞ്ഞ് | 01/04/16 മുതൽ 31/03/17 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. ഓമന മോഹനൻ | 01/04/16 മുതൽ 31/03/17 വരെ |

(ബി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീ അനിൽകുമാർ എൻ. | 01/04/16 | 03/09/16 |

| | | | |
|---|---|---|---|
| | ശ്രീ വി.കെ.സുബാഷ് (ഇൻ ചാർജ്) | 04/09/16 | 21/12/16 |
| | ശ്രീ പ്രസാദ് പി.എൻ. | 22/12/16 | 31/03/17 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ വി.കെ. സുബാഷ് | 01/04/16 | 24/12/16 |
| | ശ്രീ അഫ്സൽരാജ് എം.ആർ. | 25/12/16 | 31/03/17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ബേസിൽ മാത്യു | 01/04/16 | 31/03/17 |
| കൃഷി ഓഫീസർ | ശ്രീമതി സൂസൻ ബെഞ്ചമിൻ | 01/04/16 | 03/09/16 |
| | ശ്രീമതി സെലീനാമ്മ (ഇൻ ചാർജ്) | 04/09/16 | 18/09/16 |
| | ശ്രീ സണ്ണി കെ.എസ്. | 19/09/16 | 31/03/17 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ. റ്റി.കെ.മോഹൻദാസ് (ഇൻ ചാർജ്) | 01/04/16 | 31/03/17 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. സിന്ധു ഇ.പി. | 01/04/16 | 31/03/17 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ ബാബു കെ. റ്റി. | 01/04/16 | 31/03/17 |
| വെറ്ററിനറി സർജൻ | ഡോ. രമ്യ വി. പൈ | 01/04/16 | 05/02/17 |
| | ഡോ ഷിബു പി. തങ്കച്ചൻ | 06/02/17 | 31/03/17 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മൂവാറ്റുപുഴ സർക്കിൾ | ശ്രീ അനു എസ്. നായർ | 01/04/16 | 12/02/17 |
| | ശ്രീമതി ദീപ്തി എൻ. | 13/02/17 | 31/03/17 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആരക്കുഴ സർക്കിൾ) | ശ്രീ ബെനഫിസ് എം. സിറിയക് | 01/04/16 | 31/03/17 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി രമ്യ രതീശൻ | 01/04/16 | 30/09/16 |
| | ശ്രീമതി ദർശിനി ഷിബു | 01/10/16 | 31/03/17 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി എലിസബത്ത് | 01/04/16 | 31/03/17 |
| ഹെഡ്മിസ്ട്രസ് ഗവ. യു.പി.സ്കൂൾ | ശ്രീമതി ലത പി. എൻ. | 01/04/16 | 31/03/17 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-12 |
| 13 | ഓഡിറ്റ് ഇംപാക്റ്റ് | 1-13 |
| | ഭാഗം 2 | |
| 14 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു - നഷ്ടം 8682/- രൂപ | 2-1 |
| 15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതിയിനത്തിൽ വരുമാന നഷ്ടം. | 2-2 |
| 16 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 2-3 |
| 17 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 2-4 |
| | ഭാഗം 3 | |
| 18 | സെന്റേജ് ചാർജ് അധികം നൽകി – 1954/-രൂപ നഷ്ടം | 3-1 |
| 19 | ഹോമിയോ, ആയുർവ്വേദ മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-2 |
| 20 | വെള്ളക്കരം അടവ് – രസീത് ലഭ്യമല്ല | 3-3 |
| 21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-4 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 32 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 33 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.16 ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 2,81,63,101 | 2,76,24,760 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 3,12,13,332 | 3,02,75,918 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 81,75,381/- രൂപയുടെയും 1,65,50,630/- രൂപയുടെയും വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവ കൂടി ഉൾപ്പെടെയുള്ള കണക്കു നോക്കിയാൽ യഥാർത്ഥ വരവുചെലവുകൾ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളേക്കാൾ അധികമാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(1എ(6) പ്രകാരം അനിവാര്യമായ അടിയന്തര സാഹചര്യത്തിൽ ഒഴികെ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടില്ല. ആയതിനാൽ ബജറ്റ് കൂടുതൽ കൃത്യതയോടെയും കാര്യക്ഷമമായും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 03.07.17 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചില ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടു. വിശദാംശം ഖണ്ഡിക 2-4 ൽ ചേർത്തിട്ടുണ്ട്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റു ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3400864.00 |
| വരവ് | 31213332.00 |
| ആകെ | 34614196.00 |
| ചെലവ് | 30275918.00 |
| നീക്കിയിരിപ്പ് | 4338278.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷത്തിൽ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 2852474.00 |
| വാടക | 3150.00 |

| | |
|---|---|
| ആകെ | 2855624.00 |

തനത് വരുമാനം താരതമ്യേന പഞ്ചായത്തിൽ കുറവാണ്. ആയതു തന്നെ മുഴുവനും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും കൂടുതൽ കുടിശ്ശിക വസ്തു നികുതി ഇനത്തിൽ ആണെന്നതിനാൽ വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 7561394 | 7069601 | 93.50 |
| വികസനഫണ്ട് - എസ്.സി.പി. | 1825611 | 1655101 | 90.66 |
| വികസനഫണ്ട് - ടി.എസ്.പി. | 19050 | 10051 | 52.76 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 1931481 | 1928182 | 99.83 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2554755 | 2460019 | 96.29 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4240645 | 4238596 | 99.95 |
| പെർഫോമൻസ് ഗ്രാന്റ് | 2220683 | 2220220 | 99.98 |
| ബി. ഫണ്ട് | 16614470 | 16614470 | 100 |
| എം.ജി.എൻ.ആർ.ഇ. ജി.എസ്. | *8243142 (മുന്നിരിപ്പ് 59/- രൂ. ഉൾപ്പെടെ)* | 8175381 | (നീക്കിയിരിപ്പ് രൂപ 67761/-) പാസ് ബുക്ക് പ്രകാരമുള്ളത് |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 85 | 23930017 | 75 | 20038210 | | 10 | 88.23 |

ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത പദ്ധതികൾ പരമാവധി നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പദ്ധതികൾ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 31.72% വർദ്ധനവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2149420 | 2833879 | 684459 | (+)31.84 |
| നികുതിയേതര വരവുകൾ | 514544 | 666967 | 152423 | (+)29.62 |
| മറ്റുവരവുകൾ | 12997 | 25329 | 12332 | (+)94.88 |
| ആകെ | 2676961 | 3526175 | 849214 | (+)31.72 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3840 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 1492880 | 172 |
| വിധവാപെൻഷൻ | 4118000 | 402 |
| വാർദ്ധക്യകാല പെൻഷൻ | 9423380 | 765 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടു ന്നവർക്കുള്ള പെൻഷൻ | 1266570 | 137 |
| അവിവാഹിതരായ 50 വയ സ്സിനുമുകളിൽപ്രായമായ വനിതകൾക്കുള്ള ധനസഹായം | 249800 | 27 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2017 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14740/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പുതിയ എഗ്രിമെന്റ് ഫോം ഉപയോഗിക്കണം

മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് ഫോം പഴയ രീതിയിലുള്ളതാണ് ഉപയോഗിക്കുന്നത്. പരിഷ്കരിച്ച എഗ്രിമെന്റ് ഫോം ഉപയോഗിക്കേണ്ടതാണ്.

പേഴ്സണൽ രജിസ്റ്റർ (തൻപതിവേട്):

. ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെ തപാലുകൾ സ്വീകരിച്ച് ആയത് വിവിധ സെക്ഷനുകളിലേക്ക് വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പേഴ്സണൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

ബിൽ രജിസ്റ്റർ,വൗച്ചറുകൾ എന്നിവ ഭംഗിയായും കൃത്യമായും സൂക്ഷിക്കുന്നുണ്ട്.

.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2017 | 1.8.2017 മുതൽ 31.8.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.01.2014 | 2008–09മുതൽ 2012-13 വരെ | 19.03.14 |

## 1-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ ലഭിച്ച വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 152 | 4 | 1291 | 1447 | 547 | 547 | 2609 | 121 | 20847 | 23577 | 1 |

## 1-13 ഓഡിറ്റ് ഇംപാക്ക്

ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് എൻക്വയറി 02/20.10.17നെ തുടർന്ന് സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ 5000/- രൂപ (രസീത് നം. 117010101500//25.10.17, 117010101530/26.10.17) പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു - നഷ്ടം 8682/- രൂപ

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരക്കുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി 17/09/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ 2(1) പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്ക് ചതുരശ്ര മീറ്ററിന് 50 രൂപയാണ് നികുതിനിരക്ക് നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ, സഞ്ചയ ആപ്ലിക്കേഷൻ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

.

| കെട്ടിട നം | സ്ഥാപനം | ഈടാക്കേണ്ടിയിരുന്ന നികുതി **(50** രൂപ നിരക്കിൽ) | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| VII/123A | മിൽക്ക് സൊസൈറ്റി പണ്ടപ്പിള്ളി | 9706 | 5824 | 3882 |

| | | | | |
|---|---|---|---|---|
| I/345D | ഹോട്ട്പ്ലേറ്റ് കാറ്ററിംഗ് സർവീസ് | 24001 | 19201 | 4800 |
| ആകെ | | | | 8682 |

മേൽ സൂചിപ്പിച്ച പ്രകാരം കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് 8682/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (03/23.10.17) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല.. ആയതിനാൽ, വസ്തുനികുതി ഇനത്തിൽ കുറവ് വന്ന 8682/- രൂപ ബന്ധപ്പെട്ട നികുതിദായകരിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതിയിനത്തിൽ വരുമാന നഷ്ടം.

. 2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷീക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരക്കുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി 17/09/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ 2(1) പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നെല്ലൂർ മാത്യു എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 50 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30 രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം നികുതിയിനത്തിൽ കുറവ് വന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

.

| വാർഡ് നം,/ കെട്ടിട നം. | വിസ്തൃതി (പ്ലിന്ത് ഏരിയ ച. മീ.) | ഈടാക്കേണ്ട നികുതി 50 രൂപ നിരക്കിൽ (വർദ്ധനവ്- ഇളവ് ഉൾപ്പെടെ) | ഈടാക്കിയ നികുതി 30 രൂപ നിരക്കിൽ (വർദ്ധനവ്- ഇളവ് ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|
| I/330A | 30.39 | 1823 | 1095 | 728 |

| | | | | |
|---|---|---|---|---|
| I/330B | 30.39 | 1823 | 1095 | 728 |
| I/330C | 30.39 | 1823 | 1095 | 728 |
| I/330D | 30.39 | 1823 | 1095 | 728 |
| I/330E | 30.39 | 1823 | 1095 | 728 |
| I/330F | 30.39 | 1823 | 1095 | 728 |
| I/330G | 30.39 | 1823 | 1095 | 728 |
| I/330H | 83.16 | 4990 | 2994 | 1996 |
| I/330I | 21.78 | 1307 | 785 | 522 |
| ആകെ | | | | 7614 |

ഇതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (4/24.10.2017) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ടി കെട്ടിടങ്ങളുടെയും സമാനമായ മറ്റ് കെട്ടിടങ്ങളുടെയും നികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(3) പ്രകാരം, ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഇതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ഏത് തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ് (ചട്ടം 13). എന്നാൽ, ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളോട് 2016-17 ലെ രണ്ട് അർദ്ധവർഷങ്ങളിലും ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടുകയോ, തൊഴിൽ നികുതി ഇടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | എസ്. എച്ച്. ഹോസ്പിറ്റൽ, |
| 2 | സെയ്ഫ് മേറ്റ് അഗ്രികൾച്ചറൽ ഗ്ലൗസ് |
| 3 | കോറൽ ഫുഡ്സ് & ഫ്ലേവേഴ്സ് |

. ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് തൊഴിൽനികുതി അടക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

.

## 2-4 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2016-17 സാമ്പത്തിക വർഷത്തിൽ സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിനായി 240000/- രൂപ ആരക്കുഴ ഗ്രാമപഞ്ചായത്തിന് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളതാണ്. ഇതിൽ 60000/- രൂപ രണ്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട് എന്നാൽ, ഇവയുടെ വരവ്ചെലവുകൾ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെന്റേജ് ചാർജ് അധികം നൽകി-1954 രൂപ നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | S0067/16-17 |
| പേര് | മുതുകല്ല് കമ്പളത്തുമല റോഡ് പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 90000/- |
| ചെലവ് | 90000/-<br>ബിൽ നം. 21/16-17/7.3.17 |

1. മുതുകല്ല് കമ്പളത്തുമല റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രോജക്ടിനായി കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടുണ്ട്. 11.01.16 ലെ ജി.ഒ.(എം.എസ്) 04/2016 പ്രകാരം കെ.ഡബ്ല്യു.എ, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി കെ.ഡബ്ല്യു.എ.യുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2. പി.ഡബ്ല്യു.ഡി മാന്വൽ കെ.ഡബ്ല്യു.എ.യ്ക്ക് ബാധകമാണ്.എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും2.5%എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. മേൽ പ്രോജക്ടിൽ 12.5% സെന്റേജ് ചാർജ് നൽകിയിട്ടുണ്ട്. വിശദാംശം താഴെച്ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | മെറ്റീരിയൽ കോസ്റ്റ് | 21021 |
| 2 | വർക്കിംഗ് ചാർജ് | 57141 |
| 3 | ആകെ | 78162 |
| 4 | 12.5% സെന്റേജ് ചാർജ് | 9770 |
| 5 | അൺഫോർസീൻ ചാർജ് | 2068 |
| 6 | നല്കാവുന്ന സെന്റേജ് ചാർജ്<br>(മെറ്റീരിയൽ കോസ്റ്റ്+വർക്കിങ്ങ് ചാർജ്ജ്) = 78162 ന്റെ 10% | 7816 |
| 7 | കൂടുതൽ നല്കിയത് (9770 – 7816 = 1954) | 1954 |

അധിക തുക നൽകിയത് സംബന്ധിച്ച് 25.10.2017 ൽ ഓഡിറ്റ് എൻക്വയറി (നം 6) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 1954 രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 ഹോമിയോ ,ആയുർവ്വേദ മരുന്നുകൾ ലഭ്യമായിട്ടില്ല.

1) ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നം. - S0018/17

ചെലവ് - 1,00,000/-

ബിൽ നം. - 1/2016-17/7.2.2017

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹോമിയോ ഡോക്ടർ, ആരക്കുഴ ഗ്രാമപഞ്ചായത്ത്.

മരുന്നിന്റെ വിലയായ ഒരു ലക്ഷം രൂപ കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല.

2 . ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്റ്റ് നം. - S0019/17

ചെലവ് - 3,00,000/-

ബിൽ നം. - 1/16-17/21.10.2016
നിർവ്വഹണ ഉദ്യോഗസ്ഥൻ – ആയുർവ്വേദ ഡോക്ടർ, ആരക്കുഴ ഗ്രാമപഞ്ചായത്ത്.

മരുന്നിന്റെ വിലയായ 3 ലക്ഷം രൂപ ഔഷധിയ്ക്ക് ഡി.ഡി.നം 634745/27.10.2016 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വെള്ളക്കരം അടവ് - രസീത് ലഭ്യമല്ല

വാട്ടർ അതോറിറ്റിയുടെ തിരുവനന്തപുരം ജലഭവൻ ഓഫീസിൽ വെള്ളക്കരം ഇനത്തിൽ 3246208/- രൂപ തുക അടച്ചെങ്കിലും രസീത് ഫയലിൽ ലഭ്യമല്ല.ഇക്കാരണത്താൽ വിനിയോഗ വിവരം ഉറപ്പാക്കാൻ സാധിച്ചില്ല, ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 27/16-17 |
| അടങ്കൽ | 3247764 |
| ചെലവ് | 3246208 |
| ബിൽ നം/തീയതി – തുക | 1)27/16-17/17.3.17 – 1309755/- രൂപ<br>2)32/16-17/28.3.17 – 575678/- രൂപ<br>3)33/16-17/30.3.17 – 88381/-രൂപ<br>4)31/16-17/28.3.17 – 1272394/- രൂപ |

കൈപ്പറ്റ് രസീത് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

താഴെ പറയുന്ന പ്രൊജക്റ്റുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

.

| ക്രമ നം. | പ്രോജക്റ്റിന്റെ നമ്പരും പേരും | ബിൽ നം./ചെക്ക് നം./തീയതി | അടങ്കൽ | ചെലവ് | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | കൊന്നാനിക്കാട് പുന്നമറ്റത്തിൽതാഴം റോഡ് സ്ട്രീറ്റ് ലെയിൻ സ്ഥാപിക്കൽ 41/2016-17 | 12/16-17 /31.10.2016 | 75000 | 66195 | ഇലക്ട്രിക്കൽ സബ് ഡിവിഷൻ, മൂവാറ്റുപുഴ |
| 2 | മുളകല്ല് കുമ്പളത്ത് മല റോഡ് പൈപ്പ് ലൈൻ നീട്ടൽ | 21/16-17/ 07.03.17 | 90000 | 90000 | പി.ഡബ്ല്യൂ.ഡി |

| | | | | | |
|---|---|---|---|---|---|
| 3 | വിവിധ അംഗൻവാടികളിലേക്ക് വാട്ടർ കണക്ഷൻ 50/16-17 | ലഭ്യമല്ല | 140000 | 140000 | കേരള വാട്ടർ അതോറിറ്റി |
| 4 | ഇല്ലിക്കുന്ന് – ചേലപ്പുഴ റോഡ് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ 66/16-17 | ലഭ്യമല്ല | 159000 | 159000 | കെ.എസ്.ഇ.ബി |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 30000 | നെൽകൃഷി വികസനം | 30000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 150000 | മാനസീക ശാരീരിക വൈകല്ല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 456109 | മാനസീക ശാരീരിക വൈകല്ല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 95157 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവ് തുക | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | വിവിധ അംഗനവാടികളിലേക്ക് വാട്ടർ കണക്ഷൻ (50/16-17)<br>മുതുകല്ല്-കുമ്പളത്ത്മല റോഡ് പൈപ്പ് ലൈൻ നീട്ടൽ (67/16-17) | | 140000<br>90000 | 90000<br>90000 | 50000<br>വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| KSEB | കൊന്നാനിക്കാട്-പുന്നമ്മറ്റത്തിൻ റോഡ് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (41/16-17)<br>ഇല്ലിക്കുന്ന്-ചേലപ്പുഴ റോഡ് സ്ട്രീറ്റ് ലൈൻ | 12/16-17 31.10.16 | 66195<br>159000 | 66195<br>150199 | 880 |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപിക്കൽ (66/16-17) | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്ത രവ് നം തീയതി | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ച ടക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ച ടക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവനം | സ.ഉ.നം. 849/2010 12/03/10 | 2737600 | 759600 | 273760 | | 485840 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 9 | 2004-05 | 7-1(1) | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം- അപാകത-പുതുക്കിയ എസ്റ്റിമറ്റിന് സാങ്കേതികാനുമതി വാങ്ങിയില്ല. | 19.4.2016-ലെ എട്ടാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പരാമർശം ഒഴിവാക്കി നൽകുവാൻ നിയമസഭാ സമിതിക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | അപേക്ഷ നൽകി. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31213332 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30275918 |
| വരവിനങ്ങളിലുള്ള നഷ്ടം | 16296 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1954 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| 2-1 | 8682 | | 1) ശ്രീ വി. കെ. സുബാഷ്, അസി. സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്) 2) ശ്രീ പ്രസാദ് പി. എൻ., സെക്രട്ടറി |
| 2-2 | 7614 | | -ടി- |
| 3-1 | | 1954 | ശ്രീ പ്രസാദ് പി. എൻ. സെക്രട്ടറി |
| ആകെ | 16296 | 1954 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വി.കെ. സുബാഷ്, അസിസ്റ്റന്റ് സെക്രട്ടറി, | സെക്രട്ടറി, അശമന്നൂർ | വടക്കേൽ, മൂവാറ്റുപുഴ പി ഒ, |

| | | |
|---|---|---|
| (സെക്രട്ടറി ഇൻ ചാർജ്) | ഗ്രാമപഞ്ചായത്ത് | മൂവാറ്റുപുഴ പിൻ 686661 |
| ശ്രീ പ്രസാദ് പി.എൻ., സെക്രട്ടറി | സെക്രട്ടറി, ആരക്കുഴ ഗ്രാമപഞ്ചായത്ത് | പുത്തൻവീട്. നവോദയ, തെങ്ങോട് പി ഒ, തൃക്കാക്കര, കാക്കനാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 1999-00 | എൽ എഫ് ഇ പി 5 -1041/2001/19-11-2001 |
| 00-01 | എൽ എഫ് ഇ പി 5 -1201/2002/14-3-2003 |
| 01-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 02-03 | എൽ എഫ് ഇ പി 5 -224/2003/26-10-2005 |
| 03-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 04-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 05-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 06-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 07-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 08-09 | എൽ എഫ് ഇ പി 5 -590/20010/22-10-2011 |
| 09-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 10-11, 11-12 | എൽ എഫ് ഇ പി 8 -1624/2013/03-10-2013 |
| 12-13, 13-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |
| 14-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |
| 15-16 | കെഎസ്എഇകെഎം(പി8)2039/2016/08/12/2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.8)2025/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:30/11/2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-4 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

.

APPENDIX 1

No.KSA.EKM(P.7)2025/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 30/11/2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Arakkuzha Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Arakkuzha Gramapanchayat for the year 2016-17 except the observations in para 2-4 of my audit report properly presents the picture of income and expenditure.

.

Deputy Director
Kerala State Audit Department
Ernakulam